ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം.
തീയതി 14-05-2014

നമ്പർ: WP1 10326/2014

**സർക്കുലർ 21/2014**

വിഷയം: ജയിലുകൾ - ജയിൽ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം - ജയിൽ സന്ദർശക ബോർഡ് രൂപീകരിക്കുന്നതിന് പ്രൊപ്പോസൽ അയക്കുന്നത് - സംബന്ധിച്ച്

സൂചന:

കേരള ജയിൽ ചട്ടങ്ങൾ 13 അനുസരിച്ച് ജയിൽ സന്ദർശക ബോർഡിലെ അനൗദ്യോഗിക അംഗങ്ങളെ നിയോഗിക്കുന്നതിനായി ഉചിതമായ ശുപാർശ സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ ജയിൽ ചട്ടമനുസരിച്ച് താങ്കളുടെ ജയിൽ സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജയിൽ സന്ദർശക ബോർഡിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ പേരുകൾ അറിയിക്കുന്നതിന് നിർദ്ദേശിക്കുന്നു. റൂൾ 13 (ഡി) അനുസരിച്ച് ബന്ധപ്പെട്ട സെഷൻസ് കോടതി നിർദ്ദേശിക്കുന്ന ബാർ കൗൺസിലിലെ ഒരു സീനിയർ അഭിഭാഷകനെയും സന്ദർശക ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്. ആയതിനാൽ ഇക്കാര്യത്തിനായി ജില്ലാ സെഷൻസ് കോടതിയുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശിക്കുന്ന അഭിഭാഷകന്റെ പേര് പ്രൊപ്പോസലിൽ ഉൾപ്പെടുത്തേ ണ്ടതാണെന്നും നിർദ്ദേശിക്കുന്നു. മേൽ പറഞ്ഞ പ്രൊപ്പോസൽ മേഖലാ ഡി.ഐ.ജി മുഖാന്തിരം ആസ്ഥാന കാര്യാലയത്തിൽ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

പകർപ്പ് :-

സൂപ്രണ്ട്,
സെൻട്രൽ ജയിൽ,തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ
ജില്ലാ ജയിൽ, കൊല്ലം/ആലപ്പുഴ/പത്തനംതിട്ട/എറണാകുളം/കോട്ടയം/
മാനന്തവാടി/കോഴിക്കോട്
തുറന്ന ജയിൽ, ചീമേനി.
സ്പെഷ്യൽ സബ് ജയിൽ, പാലക്കാട്/മഞ്ചേരി/ദേവികുളം

TS